Draft #10 of File 10343/ACA15 SO/2025/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Feb-2026 02:53 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പിഎച്ച്ഡി പ്രോഗ്രാം - Author Approval Form ന്റെ പരിഷ്ക്കരിച്ച മാതൃക - അംഗീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 15 സെക്ഷൻ**

നമ്പർ. 1552/AC A15/2026/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 12.02.2026

---

*പരാമർശം:*-1. ഓഡിറ്റ് ഒബ്സെർവേഷൻ റഫറൻസ്: #20 (OBS- 1813881), 27.01.2025

2. 19 മെയ് 2025, 14 ജൂലൈ 2025 തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാലാ ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്, രജിസ്ട്രാർക്ക് നൽകിയ കത്തുകൾ.

3. സർവകലാശാല ഉത്തരവ് നമ്പർ. 1079/AC A15/2026/എം ജി യു തീയതി 02.02.2026

**<u>ഉത്തരവ്</u>**

പിഎച്ച്ഡി ബിരുദം അവാർഡ് ചെയ്യപ്പെടുന്ന ഗവേഷണ പ്രബന്ധങ്ങൾ ശോദ്ഗംഗ സംവിധാനത്തിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി, യു ജി സി മാനദണ്ഡങ്ങൾ പ്രകാരം പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഓഡിറ്റ് വിഭാഗത്തിന്റെ പരാമർശം (1) പ്രകാരമുള്ള നിരീക്ഷണങ്ങളുടെയും പ്രബന്ധങ്ങൾ ശോദ്ഗംഗ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച് മഹാത്മാഗാന്ധി സർവ്വകലാശാലയും ഇൻഫ്ലിബ് നെറ്റ് സെന്ററും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചതിന്റെയും അടിസ്ഥാനത്തിൽ, നിലവിൽ ഗവേഷക വിദ്യാർത്ഥികൾ അവരുടെ പ്രബന്ധം സമർപ്പിക്കുമ്പോൾ നൽകി വരുന്ന Author Approval Form പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ള നയപരമായ തീരുമാനങ്ങൾക്കായി 29 ഏപ്രിൽ 2025 ൽ നടത്തപ്പെട്ട സർവകലാശാലാ ഗവേഷണ സമിതി യോഗം മുൻപാകെ ശിപാർശകൾ സമർപ്പിച്ചിരുന്നു. ഗവേഷകർ പ്രബന്ധത്തോടൊപ്പം ഹാജരാക്കേണ്ട ' Author Approval Form' സംബന്ധിച്ച് യു ജി സി യുടെ പുതിയ നിബന്ധനകളുടെ സ്പഷ്ടീകരണത്തിനായി ടി വിഷയത്തിൽ നിലവിൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കി യു ജി സി - യിലേക്ക് കത്ത് അയക്കുന്നതിന് ഗവേഷണ സമിതി യോഗം ശിപാർശ ചെയ്തു എങ്കിലും 19 മെയ് 2025 ൽ മഹാത്മാഗാന്ധി സർവകലാശാലാ ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ് രജിസ്ട്രാർക്ക് നൽകിയ കത്തിൽ Author Approval Form പരിഷ്ക്കരിക്കുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയും ഇൻഫ്ലിബ് നെറ്റ് സെന്ററും തമ്മിൽ 11 ഫെബ്രുവരി 2025 തീയതിയിൽ ഒപ്പ് വച്ച ധാരണാപത്രം, പ്രസ്തുത ധാരണാപത്രത്തിൽ പിന്നീടുണ്ടായ ഭേദഗതികൾ എന്നിവ പരാമർശിച്ചുകൊണ്ടും ഭേദഗതികളുടെ അടിസ്ഥാനത്തിൽ

പരിഷ്ക്കരിച്ച Author Approval Form - ന്റെ കരട് അനുബന്ധമായി ചേർത്തുകൊണ്ടും പരാമർശം (2) പ്രകാരം മഹാത്മാഗാന്ധി സർവകലാശാല ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ് , രജിസ്ട്രാർക്ക് നൽകിയ കത്തുകളുടെ അടിസ്ഥാനത്തിൽ, Author Approval Form - ന്റെ പരിഷ്ക്കരിച്ച കരട് പരിഗണനയ്ക്കും അംഗീകാരത്തിനുമായും തുടർന്നുള്ള പ്രബന്ധസമർപ്പണങ്ങൾക്ക് പരിഷ്ക്കരിച്ച Author Approval Form ഗവേഷകരിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതിനുള്ള അനുമതിക്കായും വൈസ് ചാൻസലർ മുൻപാകെ സമർപ്പിച്ചിരുന്നു. മേൽശിപാർശയും Author Approval Form- ന്റെ പരിഷ്ക്കരിച്ച മാതൃകയും വൈസ് ചാൻസലർ അംഗീകരിച്ചിരിക്കുന്നു.

പരാമർശം (3) പ്രകാരമുള്ള സർവകലാശാല ഉത്തരവ് തദനുസരണം പരിഷ്കരിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മിനിമോൾ കെ സക്കറിയാസ്

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ പി എസ്
2. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ഡയറക്ടർ ഓഫ് റിസർച്ച്
4. അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക് )/ ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക് )/ ജോയിന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
5. എസി എ 2,6,10,11,13,14 സെക്ഷനുകൾ
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉള്ളടക്കം

1. Author Approval Form- ന്റെ പരിഷ്ക്കരിച്ച മാതൃക.

Draft #10 of File 10343/ACA15 SO/2025/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Feb-2026 02:53 PM - Page 2

Draft #10 of File 10343/ACA15 SO/2025/AC A15 Approved by ASSISTANT REGISTRAR IV (ACADEMIC) on 12-Feb-2026 02:53 PM - Page 3

# MAHATMA GANDHI UNIVERSITY, KERALA

## AUTHOR APPROVAL FORM

| | |
|---|---|
| Name of Author | |
| Department | |
| Subject | |
| Name of Guide | |
| Registration order No. & Date | |
| ORCID No. | |
| Date of Submission of Thesis | |
| Thesis Title | |
| Do you need any embargo period for releasing the entire work in world wide (Specify the date in DD/MM/YYYY format) | |
| If yes please suggest sufficient ground.* | |

## AGREEMENT

1. I hereby certify that, if appropriate, I have obtained and attached here to a written permission/statement from the owner(s) of each third party copy righted matter to be included in my thesis/dissertation.

2. I hereby agree to grant the University & INFLIBNET the non-exclusive license to host the Theses on the Shodhganga platform under the CC BY-NC license and to preserve as part of the backup in accordance with the existing UGC guidelines and the University Regulations.

Signature of the Research Scholar :
Contact Number :
Place :
Date :

Signature of the Guide:
Seal of the guide

*As per the new UGC guidelines, if the scholar required, for reasons such as Book or Article Publications, filling of Patent applications and such others for a specified period and request for application of embargo shall be made to the INFLIBNET through the competent authority of the University.

CC BY- NC (Creative Commons Attribution-Non Commercial) is an open license allows others to remix, adapt and build up on the work non commercially provided the original author is credited. Any use of this work for commercial purposes is strictly prohibited without the express written permission of the author.